⇨ *അവ മൂലമുണ്ടാകുന്ന രോഗങ്ങളുടെ ഭീകരതയെക്കുറിച്ചും ഗ്രന്ഥം വിശദമാക്കുന്നു* ⇨

# രാസവളങ്ങൾ മണ്ണിൽ ചെയ്യുന്നത് മനുഷ്യർ അറിഞ്ഞുതുടങ്ങുന്നു

അശോക്കുമാർ വി. എഴുതിയ 'രോഗം വിതറുന്ന രാസവളം' എന്ന പുസ്തകം ഹൃദയം കൊണ്ട് വായിക്കാൻ തയ്യാറായാൽ കേരളത്തിന്റെ കാർഷിക–ആരോഗ്യ–വികസന രംഗങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് അനുയോജ്യമായ പൊതുമനസ്സ് രൂപപ്പെടുമെന്ന്.

**സണ്ണി പൈകട**

**രാസകൃഷിക്കെതിരെ** കേരളത്തിൽ ഒരു പൊതുബോധം വളർന്ന് വരുന്നുണ്ടെങ്കിലും അതിന്റെ കുന്തമുന തിരിഞ്ഞിരിക്കുന്നത് പ്രധാനമായും രാസകീടനാശിനികൾക്കെതിരെയാണ്. രാസകീടനാശിനി ഒഴിവാക്കിക്കൊണ്ടും ജൈവവളങ്ങളും രാസവളങ്ങളും 'സൗഹൃദപരമായി' ഉപയോഗിച്ചുകൊണ്ടുള്ള കൃഷിയാണ് ഇനി നമ്മൾ ചെയ്യേണ്ടതെന്ന 'തന്ത്രപരമായ' നിലപാടുമായി രാസകൃഷിയുടെ പ്രചാരകന്മാരായ ശാസ്ത്രജ്ഞന്മാർ രംഗത്തുണ്ട്. ജൈവകൃഷി അതിന്റെ തനിമയിൽ അനുവർത്തിച്ചാൽ ഉൽപാദനക്കുറവും പട്ടിണിയുമായിരിക്കും സംഭവിക്കുകയെന്ന് ഇക്കൂട്ടർ നമ്മുക്ക് മുന്നറിയിപ്പ് നൽകുന്നുണ്ട്. പച്ചക്കുതിരയും, ശാസ്ത്രഗതിയും പോലുള്ള പ്രസിദ്ധീകരണങ്ങൾ ഇവരുടെ ദീർഘലേഖനങ്ങൾ പതിവായി പ്രസിദ്ധീകരിക്കുന്നുമുണ്ട്. രാസകൃഷിയുടെ ഫലമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ധാരണയുള്ള കർഷകരിൽ ഗണ്യമായ വിഭാഗം രാസകീടനാശനികളെ മാത്രമാണ് ഈക്കാര്യത്തിൽ കുറ്റവാളിയായി കാണക്കാക്കുന്നത്. നമ്മുടെ രാജ്യത്ത് രാസക്കൃഷി പ്രചരിപ്പിക്കപ്പെട്ടത് വലിയ തോതിലുള്ള ക്ഷാമത്തിന്റെയും പട്ടിണി മരണങ്ങളുടെയും പശ്ചാത്തലത്തിലാണെന്നും വിശാലമായ രാജ്യതാല്പര്യം മുൻനിർത്തി ആ നടപടി ന്യായികരിക്കേണ്ടതാണെന്നും നല്ലൊരു പങ്ക് ജൈവകർഷകർ പോലും കരുതുന്നുണ്ട്.

ഈയൊരു പശ്ചാത്തലത്തിലാണ്, രാസകീടനാശിനികൾ പോലെ തന്നെ രാസവളങ്ങളും മണ്ണിന്റെയും മണ്ണിൽ ജീവിക്കുന്ന സകലജീവജാലങ്ങളുടെയും ആരോഗ്യകരമായ നിലനിൽപ് അപകടത്തിലാക്കുമെന്നും, രാസവളങ്ങൾ പട്ടിണി മാറ്റിയത് ഒരു ആഗോള നുണയാണെന്നുമുള്ള സത്യം ശാസ്ത്രീയ പഠന റിപ്പോർട്ടുകളുടെ പിൻബലത്തോടെ അവതരിപ്പിക്കുന്ന വി. അശോക് കുമാർ എഴുതിയ 'രോഗം വിതറുന്ന രാസവളം' എന്ന പുസ്തകം പ്രസക്തമാകുന്നത്. രാസവളങ്ങളിൽ കൊടിയ രാസവിഷമാലിന്യങ്ങൾ ചേർന്നിട്ടുണ്ടെന്നും രാസവളങ്ങളിലൂടെ കമ്പോളം കാർഷികമേഖല കീഴടക്കുകയാണെന്നും ഈ പുസ്തകം വ്യക്തമാക്കുന്നു. രാസവളമിട്ട് ഉൽപാദിപ്പിച്ച വിളകളിലൂടെ മനുഷ്യശരീരത്തിൽ എത്തുന്ന കാഡ്മിയം, ലെഡ്,ക്രോമിയം, ആഴ്സനിക്, നിക്കൽ തുടങ്ങിയ അപകടകാരികളായ മൂലകങ്ങളെക്കുറിച്ചും അവ മൂലമുണ്ടാകുന്ന രോഗങ്ങളുടെ ഭീകരതയെക്കുറിച്ചും ഗ്രന്ഥം വിശദമാക്കുന്നു. വൃക്ക, കരൾ രോഗ

ത്തിനും കാൻസറിനും കാരണമാകുന്ന കാഡ്മിയം പുകവലിമൂലം മനുഷ്യശരീരത്തിൽ എത്തുന്നതിലും കൂടിയ അളവിൽ രാസവളമിട്ട് ഉത്പാദിപ്പിച്ച അരികഴിക്കുന്നതിലൂടെ എത്തുന്നുണ്ടെന്ന് അശോക് കുമാർ പറയുമ്പോൾ മലയാളിയെ അത് തീർച്ചയായും ഞെട്ടിക്കും.

ആന്ധ്രാപ്രദേശിലെ ഉദ്ദാണം എന്ന പ്രദേശത്തെയും ശ്രീലങ്കയിലെ ഉത്തര മധ്യപ്രവശ്യയിലെയും നിക്കരാഗ്വേയിലെ ചിചിഗപ്പയിലെയും കരൾരോഗങ്ങളുടെ അമ്പരപ്പിക്കുന്ന വിവരങ്ങൾ ഈ ഗ്രന്ഥത്തിലുണ്ട്. 2012ലെ കൺസ്യൂമർ റിപ്പോർട്ട് മാഗസിനിലെ വിവരണമനുസരിച്ച്, അരിയാഹാരം കഴിക്കാത്തവരെ അപേക്ഷിച്ച് 44 ശതമാനം കൂടുതൽ ആഴ്സനിക് ഒരുനേരം അരിയാഹാരം കഴിക്കുന്നവരിൽ (രാസവളമിട്ട് കൃഷി ചെയ്തുണ്ടാക്കുന്ന അരി) എത്തുന്നുണ്ടെന്ന വിവരം അറിഞ്ഞപ്പോൾ, മൂന്ന് നേരം അരിയാഹാരം കഴിക്കുന്ന മലയാളിയ്ക്ക് സമൂഹത്തിൽ ഇത്രയും അസുഖങ്ങളല്ലേ വരുന്നുള്ളൂ എന്ന അത്ഭുതമാണ് ഉണ്ടായത്. ഇന്ത്യയിൽ പ്രതിവർഷം ഒരുലക്ഷം പേർ വൃക്ക മാറ്റിവെയ്ക്കൽ ശാസ്ത്രക്രിയയ്ക്ക് വിധേയമാകുന്നുണ്ട് എന്ന കണക്ക് ആരോഗ്യ വ്യവസായത്തിന്റെ പുഷ്ടിക്ക് രാസക്കൃഷി എത്ര വലിയ സംഭാവനയാണ് നൽകുന്നത് എന്നതിന് തെളിവാണ്.


കേരളത്തിലെ ശരാശരി ക്യാൻസർ നിരക്ക് 2.3 ശതമാനം ആണ്. എന്നാൽ ഹെക്ടറിന് 513 കി.ലോ. രാസവളം പ്രതിവർഷം ചൊരിയുന്ന കുട്ടനാട്ടിൽ 6.3 ശതമാനമായി ക്യാൻസർ നിരക്ക് ഉയരുന്നത് ജനങ്ങളും ഭരണാധികാരികളും ശ്രദ്ധിക്കുന്നതേയില്ല. ഇങ്ങനെയുള്ള സത്യങ്ങൾ കണക്കുകളുടെ പിൻബലത്തോടെ വിളിച്ചു പറയുന്ന പുസ്തകമാണ് 'രോഗം വിതറുന്ന രാസവളം'.

ഈ ഗ്രന്ഥം വായനക്കാരുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്ന വസ്തുതകൾ കേരളീയ പശ്ചാത്തലത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. ഭക്ഷണവും കുടിവെള്ളവും ഉൾപ്പടെ ജീവിക്കുന്നതിന് ആവശ്യമുള്ളവ ഏറിയ പങ്കും കമ്പോളത്തിൽ നിന്ന് വാങ്ങുന്ന ഒരു സമൂഹമാണല്ലോ ഇവിടെയുള്ളത്. ആരോഗ്യ കമ്പോളം ഇതുപോലെ വളരുന്ന മറ്റൊരു സ്ഥലവും ഇന്ത്യയിലില്ല. കേരള മോഡൽ വികസനം, രാഷ്ട്രീയ പ്രബുദ്ധതയുള്ള സംസ്ഥാനം എന്നെല്ലാം വിശേഷിപ്പിച്ച് അഭിമാനം കൊള്ളുന്നവരാണ് ഇവിടുത്തെ ഭരണാധികാരികളും ഒരുവിഭാഗം ജനങ്ങളും. അവർ മറച്ചുവയ്ക്കുന്ന പല വസ്തുതകളും ഈ പുസ്തകം പുറത്തുകൊണ്ടവരുന്നു. കേരളീയ സമൂഹത്തിന്റെ ഭാവിയിൽ ഗുണപരമായ മാറ്റമുണ്ടാക്കുവാൻ ഏറ്റവും അടിയന്തിര പ്രാധാന്യത്തോടെ ഇടപെടേണ്ട രംഗമേതെന്ന് കൃത്യതയോടെ ചൂണ്ടിക്കാണിക്കുവാൻ ഈ പുസ്തകം ശ്രമിക്കുന്നുണ്ട്. അത്തരം ഇടപെടലുകൾക്ക് ഈ പുസ്തകം കൃത്യമായ ദിശാബോധം നൽകുന്നുണ്ട്. വിദ്യാസമ്പന്നരും, നവസാമൂഹിക മാധ്യമങ്ങളിൽ അഭിരമിക്കുന്നവരും അറിയണം തങ്ങൾ ചവിട്ടി നിൽക്കുന്ന മണ്ണ് എത്രമാത്രം വിഷലിപ്തമാണെന്ന്; ഈ മണ്ണിലൂടെ ഒലിച്ചിറങ്ങി 44 നദികളായി ഒഴുകുന്ന ജലം എത്ര പങ്കിലമാണെന്ന്. കമ്പോളാശ്രിത ജീവിതം രാഷ്ട്രീയമായും സാമ്പത്തികമായും ആരോഗ്യപരമായും എത്രമാത്രം ചൂഷണാത്മകമാണെന്ന് അവർ തിരിച്ചറിയണം. ഈ തിരിച്ചറിവിന് മാത്രമേ ഭാവിയെ സുസ്ഥിരമാക്കാൻ കഴിയൂ.

ഇത്തരം ചില പുസ്തകങ്ങളുടെയും ചെറുസംഘങ്ങളുടെയും ആലോചനകൾക്കപ്പുറം കേരളത്തിന്റെ അതിസങ്കീർണ്ണമായ കാർഷിക-ആരോഗ്യ-സാമ്പത്തിക പ്രതിസന്ധികളെ അതിന്റെ സമഗ്രതയിലും വ്യാപ്തിയിലും മനസ്സിലാക്കാനോ നേരിടാനോവുള്ള നീക്കങ്ങൾ ഇവിടെ നടക്കുന്നില്ല എന്നതാണ് വസ്തുത. ചില്ലറ ജൈവകൃഷി ആഘോഷങ്ങൾ കൊണ്ട് പരിഹരിക്കാവുന്ന ലളിത പ്രതിസന്ധിയല്ല ഇവിടെയുള്ളത്. ഓണത്തിന് ഒരുമുറം പച്ചക്കറി ഉൽപാദിപ്പിച്ചോ, അവശേഷിപ്പിക്കുന്ന മുഴുവൻ വയലുകളിലും ജൈവരീതിയിൽത്തന്നെ നെല്ല് ഉത്പാദിപ്പിച്ചുകൊണ്ടോ പരിഹരിക്കാവുന്ന പ്രശ്നവുമല്ല അത്. സമഗ്രതയുള്ള ഒരു കാർഷിക ജീവിത സമീപനം കൊണ്ടേ ഈ പ്രതിസന്ധി മറികടക്കാനാവൂ. കാർഷിക ആവാസ ശാസ്ത്രത്തെപ്പറ്റിയുള്ള ഗ്രന്ഥകാരന്റെ സൂചന ആവഴിക്കുള്ള ചൂണ്ടുപലകയാണ്. കൃഷിയെന്നാൽ പ്രകൃതിയിലേക്ക്, ജൈവവൈവിധ്യത്തിലേക്ക്, കാർഷിക ആവാസവ്യവസ്ഥയെ ഇണക്കിച്ചേർക്കലാകുന്നു എന്ന് ഈ പുസ്തകത്തിൽ പറയുന്നുണ്ട്. ആ വാചകം വ്യക്തമാക്കുന്ന ദിശാബോധത്തിലൂടെയാണ് ഇനി കേരളീയ സമൂഹം മുന്നോട്ട് പോകേണ്ടത്.

ആ വഴിക്ക് പോകുമ്പോൾ ഭക്ഷണശീലങ്ങൾ മുതൽ കൃഷിഭൂമിയുടെ ഉടമസ്ഥതവരെയുള്ള രംഗങ്ങളിൽ പൊളിച്ചെഴുത്തുകൾ ആവശ്യമായി വരും. മൂന്നുനേരം അരിഭക്ഷണം കഴിക്കുന്ന ശീലം മാറ്റി ഒരുനേരം അരിഭക്ഷണവും രണ്ടുനേരം വൈവിധ്യമേറിയ കിഴങ്ങുവർഗ്ഗങ്ങളും കഴിക്കേണ്ടി വരും. ജൈവരീതിയിലാണെങ്കിൽ പോലും ഏറെ കഷ്ടപ്പെട്ട് എല്ലാ സീസണുകളിലും പച്ചക്കറി ഉൽപാദിപ്പിച്ച് ഉപയോഗിക്കുന്നതിനു പകരം കൃഷി

➩ *നമ്മുടെ വയലുകൾ മരുഭൂമിയാക്കാനായി ഒരു ദേശീയ സർക്കാരിനെ ഏൽപിച്ചിരിക്കുകയാണോ?* ➩




ചെയ്യാതെ തന്നെ പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന ഇലവർഗ്ഗങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ടി വരും. കമ്പോളത്തിലെ വിഷം പുരണ്ട ആപ്പിളിനും മറ്റ് പഴവർഗ്ഗങ്ങൾക്കും പകരം ചക്കയും കശുമാങ്ങയും പപ്പായയും ഉപയോഗിക്കേണ്ടി വരും. നമ്മുടെ നാട്ടിലെ വൻകിട പ്ലാന്റേഷനുകൾ കൈവശം വെച്ചിരിക്കുന്ന ഭൂമിയിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ സ്വാഭാവിക വനം വളന്നു വരാൻ മാറ്റിവെക്കേണ്ടി വരും. ബാക്കി പ്ലാന്റേഷൻ ഭൂമിയിൽ പ്ലാന്റേഷനുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടി വരും. ഏകവിള കൃഷിതന്നെയായ നെൽവയലുകളിൽ ഇടവിട്ട് മറ്റ് ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടിവരും (മലയോരങ്ങളിലെ തേയില, റബ്ബർ മാത്രമല്ല ഏകവിള കൃഷിയിടങ്ങൾ). കാർഷിക ജീവിതത്തിനുള്ള പരിശീലനം (കേവലം കൃഷി ചെയ്യുന്നതിനുള്ള പരിശീലനം പോരാ) വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കേണ്ടിവരും. സ്വന്തം കുട്ടികളെ മെഡിക്കൽ-എഞ്ചിനീറിംഗ് രംഗത്തേക്കും ഇതര ഉദ്യോഗരംഗങ്ങളിലേക്കും നഗരജീവിതത്തിലേക്കും പറഞ്ഞുവിട്ടിട്ട് സമൂഹത്തെ ജൈവകൃഷി രീതിയിലേക്കും ഗ്രാമീണ കാല്പനിക ജീവിതത്തിലേക്കും നയിക്കാൻ ശ്രമിക്കുന്നവരെയും തുറന്നുകാട്ടേണ്ടിവരും.

ഇത്തരം ശ്രമങ്ങൾ പലതരത്തിലും നടന്നാൽ മാത്രമേ ജൈവകാർഷിക ആവാസവ്യവസ്ഥയിലേക്ക് സമൂഹം ചുവടുവെക്കൂ. ഏറെ ജൈവവൈവിധ്യവും സവിശേഷമായ കാലാവസ്ഥയും ഭൂപ്രകൃതിയുമെല്ലാമുള്ള കേരളത്തിൽ അത് അസാധ്യമായ കാര്യമല്ല. പക്ഷെ അതിനൊരു രാഷ്ട്രീയ ദിശാബോധം കൂടി വേണം. കാർഷിക ആവാസവ്യവസ്ഥയിൽ അന്തർലീനമായിട്ടുള്ള സൂക്ഷ്മരാഷ്ട്രീയത്തെക്കുറിച്ചുള്ള ധാരണയിലൂടെ മാത്രമേ അത്തരമൊരു രാഷ്ട്രീയ ദിശാബോധത്തിലേക്ക് എത്തിച്ചേരാൻ കഴിയൂ.

ഈ ഗ്രന്ഥത്തിന്റെ ഞാൻ കണ്ട പരിമിതി മേൽ സൂചിപ്പിച്ച രാഷ്ട്രീയത്തെക്കുറിച്ച് തെളിമയോടെ ഒന്നും പറയുന്നില്ല എന്നതാണ്. രാസക്കൃഷി ഇല്ലാതാക്കിയത് നമ്മുടെ ഭക്ഷണത്തിന് മേലുള്ള, ആരോഗ്യത്തിന് മേലുള്ള, കൃഷിയിലുള്ള, നമ്മുടെ ചുറ്റുപാടുകൾക്ക് മേലുള്ള അധികാരത്തെയാണ് എന്നത് തെളിച്ച് പറയേണ്ടതുണ്ട്. ഇന്നത്തെ അധികാരവ്യവസ്ഥ, അത് ഏത് പേരിലറിയപ്പെട്ടാലും മനുഷ്യജീവിതത്തിന് മേലുള്ള അധികാരപ്രയോഗം വ്യവസ്ഥാപിതമാക്കുന്ന ഒന്നാണ്. എന്നാൽ കാർഷിക ആവാസവ്യവസ്ഥ ജനകേന്ദ്രീകൃതമായ, വികേന്ദ്രീകൃത അധികാരവ്യവസ്ഥയുടെ ഭാഗമാണ്. രാസവള കൃഷിയുൾപ്പടെ വികസനം എന്ന പൊതു മേൽവിലാസത്തിൽ ഇന്ന് നടക്കുന്ന എല്ലാ കസർത്തും വ്യക്തിയെ രാഷ്ട്രീയമായി തളർത്തുകയും കമ്പോളാശ്രിതനും സാംസ്കാരികമായി വേരറ്റവനുമാക്കുന്നു.

ആധുനിക നാഗരികതയുടെ ഈ ജനവിരുദ്ധത പണ്ടെ തിരിച്ചറിഞ്ഞ ഒരാളുണ്ടായിരുന്നു ഈ രാജ്യത്ത്. എം.കെ. ഗാന്ധി എന്നായിരുന്നു ആ മനുഷ്യന്റെ പേര് എന്ന് മറന്നുപോകരുത്. അദ്ദേഹത്തിന്റെ ഏറ്റവും ഉറച്ച അനുയായി ആയിരുന്ന ഡോ. ജെ.സി. കുമരപ്പ ഇന്ത്യയിൽ രാസവള നിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിൽ, 1948 ജൂലൈ ലക്കം ഗ്രാമോദ്യോഗ് പത്രികയിൽ (All India Village Industries ന്റെ മുഖപത്രം) ഇങ്ങനെ എഴുതി "രാസവളങ്ങളും ട്രാക്ടർ ഉഴലും ആത്യന്തികമായി മണ്ണിന്റെ ഫലഭൂയിഷ്ടി നഷ്ടപ്പെടുത്തുകയും പരിഹരിക്കാനാവാത്തതും കണക്കാക്കാനാവാത്തതുമായ കഷ്ടനഷ്ടങ്ങൾ നാടിനു വരുത്തിവെയ്ക്കുകയും ചെയ്യുമെന്ന് പ്രൊഫ. ഐൻസ്റ്റിൻ ഒരു സന്ദേശത്തിൽ ഈ നാട്ടിലെ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതായി ഒരു വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്യുന്നു. പാശ്ചാത്യ സ്വാധീനം നമ്മുടെ വ്യവസായ സംവിധാനത്തെ തകർത്തു. നമ്മുടെ വയലുകൾ മരുഭൂമിയാക്കാനായി ഒരു ദേശീയ സർക്കാരിനെ ഏൽപിച്ചിരിക്കുകയാണോ ? ദൈവം രക്ഷിക്കട്ടെ".

രാസവളങ്ങൾ രോഗം വിതയ്ക്കുമെന്ന ഒരറിയിപ്പ് ഇല്ലാതിരുന്ന കാലത്ത് രാസകൃഷി കർഷകനെയും കൃഷിയെയും തകർക്കുമെന്ന് കുമരപ്പയ്ക്ക് തിരിച്ചറിവുണ്ടായിരുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. അത് ഒരു രാഷ്ട്രീയ തിരിച്ചറിവ് ആയിരുന്നുതാനും. ഒരു ജനത സ്വന്തം ജീവിതത്തിൻമേലുള്ള നിയന്ത്രണം തിരികെപ്പിടിക്കാനായി നടത്തുന്ന രാഷ്ട്രീയ പ്രവർത്തനം എന്ന് പ്രകടമായി അടയാളപ്പെടുത്തികൊണ്ടു വേണം ഇനി ജൈവ-കാർഷിക ആവാസവ്യവസ്ഥക്കായുള്ള പരിശ്രമങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ. ആ വഴിക്കുള്ള നീക്കങ്ങൾക്ക് കരുത്ത് പകരുന്ന ഒന്നാണ് 'രോഗം വിതറുന്ന രാസവളം' എന്ന ഗ്രന്ഥം എന്ന് നിസ്സംശയം പറയാം. ■